പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 284

# 2025-ലെ കേരള പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള പരിരക്ഷാ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 284

# 2025-ലെ കേരള പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള പരിരക്ഷാ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

1001/2025.

# 2025-ലെ കേരള പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള പരിരക്ഷാ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് പ്രോത്സാഹനം നൽകുന്നതിനും അവർക്ക് തൊഴിൽ പരിരക്ഷയും വിവിധ ആനുകൂല്യങ്ങളും ലഭിക്കുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി നിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന മാധ്യമ പ്രവർത്തകർക്ക് പ്രോത്സാഹനം നൽകുന്നതിനും അവർക്ക് തൊഴിൽ പരിരക്ഷയും വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള പരിരക്ഷാ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പ്രാദേശിക മാധ്യമ പ്രവർത്തകർ" എന്നാൽ വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ എന്നിങ്ങനെ പ്രാദേശികമായി പ്രാധാന്യമുള്ളവ ശേഖരിക്കുകയും സാങ്കേതിക വിദ്യയുടെ സഹായത്താൽ അവ അച്ചടി-ദൃശ്യമാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിലുമേർപ്പെട്ടിരിക്കുന്നവർ എന്നർത്ഥമാകുന്നു;

(ബി) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള 'കേരള പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള ക്ഷേമനിധി' എന്നർത്ഥമാകുന്നു;

(സി) "പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ആവിഷ്കരിച്ചിട്ടുള്ള 'കേരള പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള പദ്ധതി' എന്നർത്ഥമാകുന്നു;

(ഡി) "അംഗം" എന്നാൽ നിധിയിൽ ചേർക്കപ്പെട്ടിട്ടുള്ള അംഗം എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "വിജ്ഞാപനം" എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജി) "അംശദായം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങളും 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരും ക്ഷേമനിധിയിലേയ്ക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(എച്ച്) "ആശ്രിതൻ" എന്നാൽ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അംഗത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന അച്ഛൻ, അമ്മ, അവിവാഹിതയോ, വിധവയോ, വിവാഹമോചിതയോ ആയ മകൾ, പ്രായപൂർത്തിയാകാത്ത മകൻ, ശാരീരികമായോ മാനസികമായോ അവശത അനുഭവിക്കുന്ന മകൻ/മകൾ എന്നർത്ഥമാകുന്നു;

(ഐ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങ ളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജെ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(കെ) "ബോർഡ്" എന്നാൽ 8-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(എൽ) "ചീഫ് എക്സിക്യൂട്ടീവ്" എന്നാൽ 8-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (സി) ഇനം പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

3. <u>പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള ക്ഷേമനിധി പദ്ധതി.</u>—(1) പ്രാദേശിക മാധ്യമ പ്രവർത്തകരുടെ ക്ഷേമത്തിനായി, ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ, "പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതും പ്രസ്തുത പദ്ധതി പ്രകാരവും ഈ ആക്റ്റിലെ വ്യവസ്ഥകനു സൃതമായും ഒരു നിധി രൂപീകരിക്കേണ്ടതുമാണ്:

എന്നാൽ, അപ്രകാരം രൂപീകരിക്കുന്ന പദ്ധതി, മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ഭേദഗതി വരുത്തുന്നതിന് സർക്കാരിന് അധികാരമു ണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച നിധിയിൽ താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(i) 4-ാം വകുപ്പ് പ്രകാരം അംഗങ്ങളിൽനിന്നുള്ള അംശദായം;

(ii) 4-ാം വകുപ്പ് പ്രകാരം സർക്കാരിന്റെ വിഹിതം;

(iii) 14-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങുന്ന തുക;

(iv) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഫീസുകൾ;

(v) കേന്ദ്ര/സംസ്ഥാന സർക്കാരുകളോ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളോ ഏതെങ്കിലും മറ്റ് സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റ്/വായ്പ/ മുൻകൂറുകൾ തുടങ്ങിയവയോ 2013-ലെ കമ്പനി നിയമപ്രകാരമുള്ള (2013 -ലെ 18-ാം കേന്ദ്ര ആക്റ്റ്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടോ;

(vi) മറ്റെതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയും;

(vii) വരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റ് നിയമപരമായ മാർഗ്ഗങ്ങളിൽ കൂടി ബോർഡ് ആർജ്ജിക്കുന്ന ഏതെങ്കിലും തുക.

(3) നിധി, 8-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും ഈ ആക്റ്റിലും പദ്ധതിയിലും വ്യവസ്ഥ ചെയ്യുന്ന പ്രകാരം അത് ബോർഡ് കൈകാര്യം ചെയ്യേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച നിധി താഴെപ്പറയുന്ന ഏതെങ്കിലുമോ, അല്ലെങ്കിൽ എല്ലാമോ ആയ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) അറുപത് വയസ്സ് പൂർത്തിയായതും അറുപത് വയസ്സ് വരെ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ ആനുകൂല്യം നൽകുന്നതിന്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു പ്രാദേശിക മാധ്യമ പ്രവർത്തകനും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിധിയിൽ അംഗമാകുകയും തുടർന്നുള്ള കാലങ്ങളിൽ അംശദായം ഒടുക്കുകയും ചെയ്യുന്ന സംഗതിയിൽ അങ്ങനെയുള്ളയാൾക്ക് അറുപത് വയസ്സ് പൂർത്തിയായശേഷം അർഹമായ പെൻഷൻ അനുവദിക്കാവുന്നതാണ്;

(ബി) അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ നൽകുന്നതിന്;

(സി) അംഗങ്ങളുടെ ചികിത്സയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതിന്;

(ഡി) അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ നിധിയിലെ അംഗത്വം അവസാനിപ്പിക്കേണ്ടി വരുന്ന ഒരംഗത്തിന്റെ സംഗതിയിൽ അയാൾ ഒടുക്കിയ അംശദായത്തുക പലിശയുൾപ്പെടെ തിരികെ നൽകുന്നതിന്;

(ഇ) അംഗങ്ങളുടെ പെൺമക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹം, പഠനം, വനിതാ അംഗങ്ങളുടെ പ്രസവം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന്;

(എഫ്) പദ്ധതി പ്രകാരമുള്ള മറ്റേതെങ്കിലും ആവശ്യത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്;

(ജി) ബോർഡിന്റെ ദൈനംദിന ഭരണച്ചെലവുകൾ നിർവ്വഹിക്കുന്നതിന്;

(എച്ച്) സർക്കാർ, അതത് സമയം നിർദ്ദേശിക്കുന്ന മറ്റ് കാര്യങ്ങൾക്കായുള്ള ചെലവുകൾക്ക് ഉപയോഗിക്കുന്നതിന്.

(5) ബോർഡിന്, സർക്കാരിന്റെ അനുമതിയോടെ, നിധി ആദായകരമായ രീതിയിൽ നിക്ഷേപം നടത്താവുന്നതാണ്.

(6) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന പദ്ധതിയിൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾക്കും (4)-ാം ഉപവകുപ്പ് പ്രകാരമുള്ള കാര്യങ്ങൾക്കുമായി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(7) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച പദ്ധതി, അത് ആവിഷ്കരിച്ചതിന് ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ, അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ പദ്ധതി ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ പദ്ധതിയ്ക്ക് അതിന് ശേഷം അതതു സംഗതിപോലെ അപ്രകാരം ഭേദഗതി ചെയ്ത പ്രകാരം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ പദ്ധതി പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. നിധിയിലേയ്ക്കുള്ള അംശദായം.—(1) നിധിയിൽ അംഗമാകുന്ന പ്രാദേശിക മാധ്യമ പ്രവർത്തകൻ പ്രതിമാസം നൂറ് രൂപ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്.

(2) സർക്കാരിന്, വിജ്ഞാപനം വഴി, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നിരക്ക് പദ്ധതിയുടെ സുഗമമായ നടത്തിപ്പ് കണക്കിലെടുത്ത് അതത് സമയം പരിഷ്കരിക്കാവുന്നതാണ്.

(3) ഓരോ സാമ്പത്തിക വർഷവും അംഗങ്ങൾ നിധിയിലേയ്ക്ക് നൽകുന്ന അംശദായത്തിന് തുല്യമായ തുക സർക്കാർ അംശദായമായി നൽകേണ്ടതാണ്.

(4) അംശദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേർക്ക് അല്ലെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് നൽകേണ്ടതാണ്.

5. നിധിയിലെ അംഗത്വം.—(1) പതിനെട്ട് വയസ്സ് പൂർത്തിയായതും എന്നാൽ അറുപത് വയസ്സ് കവിയാത്തതും പ്രാദേശിക മാധ്യമ രംഗത്ത് പ്രവർത്തിക്കുന്നതും മാധ്യമരംഗത്തെ വേജ് ബോർഡിന്റെ പരിധിയിൽ വരാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതും കേരള പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാത്തതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കപ്പെടുന്നതിന് നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫാറത്തിലും രീതിയിലും അപേക്ഷിക്കാവുന്നതാണ്.

(2) (1)- ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ ബോർഡിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്താവുന്നതും അപേക്ഷകനെ നിധിയിൽ ചേർക്കുകയോ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അയാളുടെ അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകിയിട്ടില്ലാത്തപക്ഷം പാസ്സാക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അംഗത്വത്തിനുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുന്നതിലൂടെ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

(3) ഓരോ അപേക്ഷകനും അപേക്ഷാ ഫീസായി പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള തുക, അങ്ങനെയുള്ള രീതിയിൽ അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(4) നിധിയിൽ അംഗമായി ചേരുന്ന ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകേണ്ടതും ഇതുസംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

(5) നിധിയിലെ ഒരംഗം സേവനം പൂർത്തിയാക്കുമ്പോഴോ രാജിവച്ചൊഴിയുമ്പോഴോ ജോലിയിൽ നിന്ന് പിരിച്ചുവിടുകയോ ചെയ്യുമ്പോൾ നിധിയിൽ അംഗമല്ലാതായിത്തീരുന്നതാണ്.

6. അംഗത്വം റദ്ദാക്കൽ.—(1) ഒരു അംഗം, ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ട് വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുകയാണെങ്കിൽ, ബോർഡിനോ അതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കാവുന്നതാണ്:

എന്നാൽ അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അംഗത്തിന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഒരംഗം ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്.

(3) (1)- ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവുകൾക്ക് എതിരെയുള്ള അപ്പീൽ, പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാർ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്.

7. അംഗത്വം പുനരുജ്ജീവിപ്പിക്കൽ.— 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരംഗത്തിന് അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ആറുമാസത്തിനകം നിർണ്ണയിക്കപ്പെട്ട വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ച് നൽകാവുന്നതാണ്.

8. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി "കേരള പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള ക്ഷേമനിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടി ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും കേരള പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള ക്ഷേമനിധി ബോർഡ് എന്ന പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) സെക്രട്ടറി, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്-അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ്;

(സി) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ & അഡ്മിനിസ്ട്രേഷൻ), ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് - അദ്ദേഹം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരിക്കുന്നതാണ്;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത തൊഴിൽ, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഓരോ ഉദ്യോഗസ്ഥൻ വീതം;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രാദേശിക മാധ്യമ പ്രവർത്തകരെ പ്രതിനിധാനം ചെയ്യുന്ന അഞ്ച് അനൗദ്യോഗിക അംഗങ്ങൾ; അവരിൽ രണ്ട് പേർ വനിതകളായിരിക്കേണ്ടതാണ്.

(4) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണ നിർവ്വഹണം നടത്തേണ്ടതാണ്.

(5) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്ന് കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ചെയർമാനോ സെക്രട്ടറിക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

9. ബോർഡിന്റെ യോഗം.— (1)ബോർഡ്, കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും

യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുവേണ്ടിയുള്ള ക്വാറം കുറഞ്ഞത് രണ്ട് ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ ബോർഡിലെ നാല് അംഗങ്ങളായിരിക്കേണ്ടതാണ്.

(3) ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനോ ഇരുവരുടെയും അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗമോ ബോർഡ് യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4) ബോർഡിന്റെ ഒരു യോഗത്തിനു മുമ്പാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള ബോർഡ് അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യവോട്ടുകളുടെ സംഗതിയിൽ, യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന ചെയർമാനോ, വൈസ് ചെയർമാനോ അല്ലെങ്കിൽ ബോർഡംഗത്തിനോ ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

10. ബോർഡ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.— (1) 8-ാംവകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ ബോർഡ് രൂപീകരിച്ചു കൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗികാംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

(3) പൊതു താല്പര്യാർത്ഥം, ഏതെങ്കിലും അനൗദ്യോഗിക അംഗം പ്രസ്തുത സ്ഥാനത്ത് തുടരുന്നത് അനുചിതമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഏതുസമയത്തും സർക്കാരിന് അങ്ങനെയുള്ള അംഗത്തെ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

11. അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കംചെയ്യലും.— (1) സർക്കാരിന്, ബോർഡിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധി സ്ഥിരതയില്ലെങ്കിൽ;

(ബി) അദ്ദേഹം അവിമുക്ത നിർദ്ധനനായി വിധിക്കപ്പെട്ടാൽ;

(സി) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതെയിരുന്നാൽ;

(ഡി) അദ്ദേഹം ബോർഡിലെ അംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തയാളായിത്തീർന്നുവെന്നോ അയാൾ ബോർഡംഗമായി തുടരുന്നത് പൊതു താൽപ്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് ബോധ്യമായി എങ്കിൽ;

ഔദ്യോഗികസ്ഥാനത്ത് നിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ബോർഡിലെ ഒരംഗത്തെ നീക്കംചെയ്യുന്നതിന് മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം ബോർഡിൽനിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗികാംഗം സർക്കാർ മറ്റ് വിധത്തിൽ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലത്തേയ്ക്ക് ബോർഡിലെ ഒരംഗമായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗികാംഗം, സർക്കാർ, ഒരു ഉത്തരവ് മൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

12. <u>ബോർഡിലെ അനൗദ്യോഗികാംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ.</u>— അനൗദ്യോഗിക ബോർഡംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ആയിരിക്കേണ്ടതാണ്.

13. <u>ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.</u>— (1) സർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിയമിക്കാവുന്നതാണ്.

(2) ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

14. <u>കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.</u>— ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്കുവേണ്ടി, അതത് സമയം, പണം കടം വാങ്ങാവുന്നതാണ്.

15. <u>ബോർഡിലെ അനൗദ്യോഗികാംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.</u>— ബോർഡിലെ ഓരോ അനൗദ്യോഗികാംഗവും ഭാരതീയ ന്യായസംഹിതയിലെ (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (28)-ാം ഉപവകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

16. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.</u>— ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഒരംഗത്തിനോ ബോർഡിനെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

17. നിധിയുടെ കണക്കുകളുടെ ഓഡിറ്റും ആഡിറ്റർമാരുടെ നിയമനവും.— (1) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിധിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി ബോർഡ് അങ്ങനെയുള്ള ഓഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഓഡിറ്റർമാർ നിധിയുടെ കണക്കുകൾ ഓരോ വർഷത്തിലും ഒരിക്കൽ ഓഡിറ്റ് ചെയ്യേണ്ടതാണ്.

18. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.— (1) നിധിയുടെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ്, കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ 31-ന് മുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ഓഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

19. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.— ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ അവയ്ക്ക് കീഴിലോ സർക്കാരോ, ബോർഡോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

20. സാക്ഷികളെ വിളിച്ചു വരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.— ഈ ആക്റ്റിൻ കീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേയ്ക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908 -ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഇനിപ്പറയുന്ന സംഗതികളിന്മേൽ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളേയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിനും.

21. സർക്കാരിന്റെ അംശദായം.—ഒരു സാമ്പത്തിക വർഷത്തിൽ അംഗങ്ങൾ നൽകിയ മൊത്തം അംശദായത്തുകയുടെ പത്ത് ശതമാനത്തിൽ കുറയാതെ സർക്കാർ അംശദായമായി നൽകേണ്ടതാണ്.

22. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം ആ വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്കായി ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മൂലം ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

23. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പദ്ധതിയുടെ മറ്റെല്ലാ ആവശ്യങ്ങൾക്കുമായി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം വിജ്ഞാപനത്തിന് ശേഷം അതതു സംഗതിപോലെ അപ്രകാരം രൂപ ഭേദപ്പെടുത്തലുകൾ വരുത്തിയ പ്രകാരം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ വിജ്ഞാപന പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കേണ്ടതാണ്.

## പട്ടിക

[3(6) വകുപ്പ് കാണുക]

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. ബോർഡ്, നിധിയുടെ ഭരണം നടത്തേണ്ട രീതി.

2. അംഗങ്ങളുടെ രജിസ്ട്രേഷൻ.

3. നിധിയിലേക്കുള്ള അംശദായം നൽകുന്നതിനുള്ള രീതി.

4. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവത്കരണം.

5. സെക്രട്ടറിയുടെ ചുമതലകൾ.

6. നിധിയുടെ കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അഥവാ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും ബജറ്റ് തയ്യാറാക്കലും കണക്കുകളുടെ ഓഡിറ്റ് ചെയ്യലും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കലും.

7. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കിഴിക്കലോ മുതൽക്കൂട്ടലോ നടത്തുന്നതിനുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിക്കലിന്റെയോ മുതൽക്കൂട്ടലിന്റേയോ പരമാവധി തുകയും.

8. ഒരംഗം തന്റെയും തന്റെ കുടുംബത്തിന്റെയും വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടുന്ന ഫോറം.

9. ഒരംഗം മരണപ്പെടുന്ന സാഹചര്യത്തിൽ നിധിയിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ സ്വീകരിക്കേണ്ട നോമിനിയെ നാമനിർദ്ദേശം ചെയ്യുന്നതും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.

10. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും രേഖകളും.

11. പാസ്സ്ബുക്കിന്റെയും, സർട്ടിഫിക്കറ്റിന്റെയും തിരിച്ചറിയൽ കാർഡിന്റെയും ഫാറവും അത് നൽകുകയും കൈവശം വയ്ക്കുകയും മാറ്റിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമം.

12. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

13. അംഗങ്ങളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമം ലാക്കാക്കി ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

14. നിധിയുടെ ഭരണ നിർവ്വഹണത്തിൽ ഉണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

15. നിധിയിൽനിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ തുടങ്ങിയവ നൽകുന്നതിനുള്ള നടപടിക്രമം.

16. തൊഴിൽ അവസാനിപ്പിച്ചതോ അനാരോഗ്യംമൂലം ജോലി തുടരാൻ കഴിയാത്തതോ ആയ അംഗങ്ങൾക്ക് അംശദായം അടച്ച വർഷത്തിന്റെ എണ്ണം അടിസ്ഥാനപ്പെടുത്തി നിധിയിൽ നിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ.

17. വീഴ്ച വരുത്തിയ അംഗങ്ങളുടെ സംഗതിയിൽ അംശദായം തിരികെ നൽകുന്ന രീതിയും നിരക്കും.

18. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതികൾ.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സ്വതന്ത്രവും സത്യസന്ധവുമായ സാമൂഹിക ദൗത്യത്തിന് മാധ്യമ പ്രവർത്തകർക്ക് തുണയാകുന്നത് ഭരണഘടന ഉറപ്പ് നൽകുന്ന അഭിപ്രായ സ്വാതന്ത്ര്യമെന്ന മൗലികാവകാശമാണ്. അതോടൊപ്പം അവർക്ക് സാമൂഹികമായ സുസ്ഥിതി ഉറപ്പാക്കുന്നതിന് കർമ്മ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നു. കേരള പത്ര പ്രവർത്തക പെൻഷൻ പദ്ധതി ഇതിനുദാഹരണമാണ്.

സംസ്ഥാനത്തെ മാധ്യമരംഗത്ത് പ്രാദേശിക മാധ്യമ പ്രവർത്തകർ വളരെ വലിയ പങ്ക് വഹിക്കുന്നു. പല പ്രതികൂലാവസ്ഥകളിലും സാഹചര്യങ്ങളിലും ജോലി ചെയ്യുന്നതിന് നിയുക്തരാകുന്ന ഇവർ ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്നു. കുറഞ്ഞ വേതനം, തൊഴിൽ സുരക്ഷയില്ലായ്മ, ഓൺലൈൻ ഡിജിറ്റൽ മേഖലകളുടെ കടന്നുകയറ്റം, ദീർഘ നേരമുള്ള ജോലി, പ്രസിദ്ധീകരിക്കപ്പെടാത്തവയ്ക്ക് പ്രതിഫലം ലഭിക്കാത്തത് തുടങ്ങി പ്രാദേശിക മാധ്യമ പ്രവർത്തകർ വളരെയധികം വെല്ലുവിളികൾ നേരിടുന്നു. അവർക്ക് ഇവയെ അതിജീവിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ വിരളമാണ്.

ആയതിനാൽ, സംസ്ഥാനത്തെ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് സാമൂഹ്യ സുരക്ഷ ലഭിക്കുന്നതിന് ഉതകുന്ന പദ്ധതി ആവിഷ്കരിക്കുന്നതിന് ഇടയാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരിക്കുന്നു. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, 21-ാം ഖണ്ഡം എന്നിവ നിധിയിലേയ്ക്ക് അംശദായമായി ഒരു വർഷം അംഗങ്ങൾ നൽകിയ തുകയിൽ കുറയാത്ത സംഖ്യ സർക്കാർ വിഹിതം നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ബില്ലിലെ 12, 13 ഖണ്ഡങ്ങൾ പ്രകാരം യാത്രാബത്ത, ദിനബത്ത, ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ ചെലവ് വരുന്നതാണ്. കൃത്യമായ ചെലവുകൾ ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളു. എന്നിരുന്നാലും ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സഞ്ചിതനിധിയിൽ നിന്നും ഒരു കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനം വഴി 'പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിനും ഈ ബില്ലിലെയും പദ്ധതിയിലേയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, അംഗങ്ങൾ ഒടുക്കേണ്ടതായ അംശദായത്തിന്റെ നിരക്ക് സമയാസമയം പരിഷ്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, നിധിയിൽ അംഗമാകുന്നതിന് നൽകേണ്ട അപേക്ഷാ ഫാറത്തിന്റെ മാതൃകയും അപേക്ഷ നൽകേണ്ട രീതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ അംഗത്വ അപേക്ഷ നിരസിച്ചതിന്മേലുള്ള അപ്പീൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ 5-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം, അംഗത്വ അപേക്ഷയോടൊപ്പം നൽകേണ്ട ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 5-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം, അംഗത്വ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, പാസ്സ്ബുക്ക് എന്നിവയുടെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 7-ാം ഖണ്ഡം അംശദായം ഒടുക്കുന്നതിൽ കുടിശ്ശിക വരുത്തി അംഗത്വം റദ്ദായത് പുനരുജ്ജീവിപ്പിക്കുന്നതിന് നൽകേണ്ട കുടിശ്ശികയുടെ പലിശ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, വിജ്ഞാപനം വഴി 'കേരള പ്രാദേശിക മാധ്യമ പ്രവർത്തകർക്കായുള്ള ക്ഷേമനിധി ബോർഡ്' എന്ന പേരിൽ ബോർഡ് രൂപീകരിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 8-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം, നിധിയുടെ ഭരണനിർവ്വഹണ രീതി പദ്ധതിയിൽ വിനിർദ്ദേശിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ബില്ലിലെ 12-ാം ഖണ്ഡം ബോർഡിലെ അനൗദ്യോഗിക അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, ദിനബത്ത, യാത്രാബത്ത എന്നിവയുടെ നിരക്ക് നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ 13-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന്റെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(12) ബില്ലിലെ 14-ാം ഖണ്ഡം, നിധിയുടെ ആവശ്യത്തിനായി പണം കടം വാങ്ങുന്നതിനുള്ള നിബന്ധനകളും ഉപാധികളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(13) ബില്ലിലെ 17-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, നിധിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(14) ബില്ലിലെ 22-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(15) ബില്ലിലെ 23-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(16) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടി ക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയാകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്, എം. എൽ. എ.